പതിമൂന്നാം കേരള നിയമസഭാ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1655 — 14.12.2012 - ൽ മറുപടിയ്ക്ക്

## കോഴികൾക്കുള്ള പ്രതിരോധ വാക്സിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി: | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ; | (എ) മൃഗസംരക്ഷണവകുപ്പ് വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാനായി ബാക്ക്യാഡ് പൗൾട്രി (പ്ലാൻ സ്കീം 2012-13) പദ്ധതി നടപ്പിലാക്കിവരുന്നു. കോഴിവളർത്തലിൽ താൽപ്പര്യവും സ്ഥല സൗകര്യവും ഉള്ള 39000 ഗുണഭോക്താക്കളെ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ തെരെഞ്ഞെടുത്ത് 45-60 ദിവസം പ്രായമായ മുട്ടകോഴികുഞ്ഞുങ്ങൾ, തീറ്റ എന്നിവയും എഗ്ഗർ നഴ്സറികൾ വഴി നൽകിവരുന്നു. ഇതിൽ കോഴിയുടെ വിലയും തീറ്റയും ഉൾപ്പെടെ 1000 രൂപ സർക്കാർ സഹായമായി നൽകി വരുന്നു. കൂടാതെ കെ.എസ്.പി.ഡി.സി. മുഖാന്തിരം വീടുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുടെ സഹായത്തോടെ വിവിധ പദ്ധതികളായ ഗ്രാമംനിറയെ കോഴികൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കോഴിവളർത്തൽ ഗ്രാമങ്ങൾ, നഗരപ്രിയ തുടങ്ങിയവ നടപ്പിലാക്കുന്നതിലൂടെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സൗജന്യമായി കോഴിയും, തീറ്റയും, മരുന്നും കോർപ്പറേഷൻ നൽകിവരുന്നു. പേട്ടയിലെ ന്യായവില മെഡിക്കൽഷോപ്പ് മുഖേന കർഷകർക്ക് 10-30 ശതമാനം വില കുറവിലാണ് കോഴികൾക്കുള്ള മരുന്ന് നൽകുന്നത്. കൂടാതെ കോഴിവളർത്തൽ |

കർഷകരെ സഹായിക്കാൻ ഒരു വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ കർഷക സഹായ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കർഷകരെ കൂടുതൽ ഈ രംഗത്തേക്ക് ആകർഷിക്കാനായി ശാസ്ത്രീയമായ കോഴിവളർത്തൽ ഹാച്ചറി ഓപ്പറേഷൻസ്, തീറ്റ നിർമ്മാണം, ശാസ്ത്രീയമായ കോഴി ഇറച്ചി സംസ്കരണം തുടങ്ങിയ പരിശീലന പരിപാടികൾ സൗജന്യമായി നൽകിവരുന്നു.

ബി) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം കൊല്ലം ജില്ലയിൽ നടപ്പിലാക്കുമോ;

(ബി) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം കൊല്ലം ജില്ലയിൽ നിലവിലുണ്ട്.

(സി) കോഴികൾക്ക് നൽകുന്ന പ്രതിരോധ വാക്സിൻ ചെറുകിട കർഷകർക്ക് നിലവിൽ ലഭ്യമാണോ; ആണെങ്കിൽ ഇതിന് എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ എന്ന് വിശദമാക്കുമോ;

(സി) പഞ്ചായത്തിലെ മൃഗാശുപത്രിവഴി പ്രതിരോധ വാക്സിൻ ലഭ്യമാണ്. കൂടാതെ വർഷംതോറും സംസ്ഥാനത്തൊട്ടാകെ കോഴിവസന്ത, താറാവ്വസന്ത, എന്നീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ, ആവശ്യമായ പരിശീലനം തുടങ്ങിയവ സൗജന്യനിരക്കിൽ ചെയ്തുവരുന്നുണ്ട്. കെ.എസ്.പി.ഡി.സി. മുഖേന തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന കെപ്കോ ന്യായവില മെഡിക്കൽ ഷോപ്പിൽ നിന്നും കോഴികൾക്ക് നൽകുന്ന പ്രതിരോധ വാക്സിനുകളായ ഐ.ബി.ഡി, ആർ.ഡി.ബി-1, ആർ.ഡി ലസോട്ട, ആർ-2-ബി, എന്നീ വാക്സിനുകൾ കമ്പോള വിലയേക്കാൾ 10-30% വില കുറച്ച് ഈ മെഡിക്കൽഷോപ്പിൽ നിന്നും കർഷകർക്ക് ലഭ്യമാണ്. ഈ വാക്സിനുകൾ ലഭിക്കാൻ പ്രത്യേകിച്ച് നിബന്ധനകൾ ഒന്നും ഇല്ല.

(ഡി) കോഴികൾക്ക് നൽകുന്ന പ്രതിരോധ വാക്സിൻ കൊല്ലം ജില്ലാ മൃഗാശുപത്രിയിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതിരോധ വാക്സിൻ കൊല്ലം ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഇ) കൊല്ലം ജില്ലാ മൃഗാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഇ) കൊല്ലം ജില്ലാ മൃഗാശുപത്രിയിലെ (ജില്ലാ വെറ്ററിനറി കേന്ദ്രം) എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ട്. കൂടാതെ ഒരു എക്സ്റേ ടെക്നീഷ്യനെ ദിവസക്കൂലി അടിസ്ഥാനത്തിലും ഫാർമസിസ്റ്റിനെ ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. പ്രവർത്തനം സുഗമമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.